

# തെരഞ്ഞെടുപ്പിന്റെ പ്രത്യേകശാസ്ത്രം

കെ. ആർ ഇന്ദിര

(പ്രത്യയശാസ്ത്രം എന്ന് എഴുതാൻ പുറപ്പെട്ട് പ്രത്യേക ശാസ്ത്രം എന്ന് തെറ്റി എഴുതിപ്പോയതല്ല. അതുതന്നെ ഉദ്ദേശിച്ച് അതുതന്നെ എഴുതിയതാണ്. പ്രതി + ഏകം = പ്രത്യേകം വാക്കുകൾ വല്ലപാടും പ്രയോഗിക്കാനുള്ളതല്ലല്ലോ.)

തെരഞ്ഞെടുപ്പിന്റെ പ്രത്യേകശാസ്ത്രത്തിൽ ഒന്നാമത്തെ വസ്തുത ജനാധിപത്യത്തിന്റെ തെരഞ്ഞെടുപ്പാണ് ഇത് എന്നതാണ്. ജനങ്ങൾക്കു വേണ്ടി ജനങ്ങളാൽ തെരഞ്ഞെടുക്കുന്ന ജനപ്രതിനിധികൾ ഭരണം നടത്തുന്ന ഒരേർപ്പാട്!

യഥാർത്ഥത്തിൽ ആര് ആരെയാണ് തെരഞ്ഞടുക്കുന്നത്? സമ്മർദ്ദസംഘങ്ങൾ (Pressure groups) രാഷ്ട്രീയ പാർട്ടികൾ എന്നിവയുടെ വെച്ചുവാണിഭമാണ് ഇന്ത്യയിലെ പൊതുതെരഞ്ഞെടുപ്പ്. ഡെമൊക്രസിയുടെ സ്വാഭാവിക പരിസ്ഥിതി ഇതു തന്നെയാണ് എന്ന് രാഷ്ട്രീയ ശാസ്ത്രം പ്രഖ്യാപിക്കുന്നുണ്ട്. ഈ വെച്ചുവാണിഭത്തെ വിമർശിയ്ക്കുന്നവരെ നിസ്തേജരൊ നിഷ്ക്രിയരോ നിശബ്ദരോ ആക്കുന്നതിൽ രാഷ്ട്രീയ പാർട്ടികൾ വിശിഷ്യാ ഇടതുപക്ഷ പാർട്ടികൾ ജാഗ്രത പുലർത്തുന്നു. മാത്രമല്ല 'ചെറുപ്പത്തിലേ പിടികൂടുക' എന്ന നയമനുസരിച്ച് പ്രൈമറി വിദ്യാർത്ഥികളെ പിടിക്കൂടി പൊതുസമ്മേളനവും പ്രസംഗവും പങ്കാളിത്തവും ശില്പശാലയും വഴി കർമ്മോത്സുകരാക്കുന്നു അവർ. കുട്ടികൾ അജണ്ട തയ്യാറാക്കുകയും ബാനർ എഴുതുകയും പോസ്റ്റർ പതിക്കുകയും പത്രക്കുറിപ്പ് തയ്യാറാക്കുകയും ചെയ്യാൻ പരിശീലിയ്ക്കുന്നു. അവർ അഭിമുഖം തയ്യാറാക്കുന്നു. ഡോക്യുമെന്ററി നിർമ്മിക്കുന്നു, മുദ്രാകാവ്യങ്ങളും ചമയ്ക്കുന്നു. അടിസ്ഥാനവിദ്യാഭ്യാസം കഴിയുമ്പോഴേക്കും അവൻ/ അവൾ പഴുത്തുപാകമായിരിക്കണം. രാഷ്ട്രീയ പ്രവർത്തനം,. പത്രപ്രവർത്തനം, സീരിയൽ നിർമ്മാണം, ആൽബം ഇറക്കൽ എന്നിവയിൽ എതിലെങ്കിലും അഭിരുചിയനുസരിച്ച് അവന് ചെന്നിറങ്ങാം.

എന്നാൽ വീട്ടിലെ കറന്റ് പോയാൽ ഫ്യൂസ് കെട്ടുന്നതെങ്ങനെഎന്ന് കേരളത്തിലെ എത്ര സ്കൂൾ കുട്ടികൾക്കറിയും, അല്ലെങ്കിൽ പയറ് നടേണ്ടത് ഏതു ഞാറ്റുവേലയിലാണ് എന്ന് കുട്ടികൾക്കറിയുമോ എന്ന് അന്വേഷിക്കേണ്ടതാണ്. (ഞാറ്റുവേലയോ? അതെന്താണ്?!)

നമ്മുടെ പുതുതലമുറയെ പരിശീലിപ്പിച്ചെടുക്കുന്നത് ചില പ്രത്യേക മേഖലകളിലേയ്ക്കാണ് എന്ന് പാഠ്യ, പാഠ്യേതരപദ്ധതികൾ നിരീക്ഷിച്ചാൽ കാണാവുന്നതാണ്. രാഷ്ട്രീയാതിപ്രസരത്തിന്റെ അനന്തസാദ്ധ്യതകൾക്കാണ് താനും ഈ മേഖലകളിൽ പ്രമുഖസ്ഥാനം കിട്ടുന്നത്. എന്തിനാണ് ''നമ്മുടെ കുട്ടികൾ സി.ബി.എസ്.ഇ യ്ക്ക് പഠിയ്ക്കുകയും എൻട്രൻസ് ടെസ്റ്റ് എഴുതുകയും പ്രൊഫഷണൽ കോഴ്സുകൾ അന്വേഷിച്ചു പോവുകയും ചെയ്യുന്നത്? ഭാരതഭാഗ്യവിധാതാക്കളാവാൻ നിരക്ഷരരായിരുന്നാൽ പോലും അവസരം ലഭിയ്ക്കുന്ന ഈ മഹത്തായ ജനാധിപത്യരാഷ്ട്രത്തിൽ എന്തിനാണ് മിടുക്കന്മാരും മിടുക്കികളും പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നത്? ഏത് പ്രൊഫഷനലും സിവിൽ സർവീസ്കാരനും പ്രോട്ടോകൾ അനുസരിച്ച് ഗ്രാമപഞ്ചായത്ത് വാർഡ് മെമ്പറേക്കാൾ താഴെയായിരിക്കുന്ന ഒരു വ്യവസ്ഥിതിയിൽ ഒരു കുഞ്ഞും പഠിക്കാൻ വേണ്ടി ജന്മം പാഴാക്കരുത്. പകരം അവൻ നിലവിലുള്ള ഇസങ്ങളിൽ കയറി പറ്റാനാവുമെങ്കിൽ അതുചെയ്യണം. അല്ലെങ്കിൽ സ്വന്തമായിട്ടൊരു ഇടമുണ്ടാക്കാം. അത്രയുമില്ലെങ്കിൽ ഒരു സമ്മർദ്ദസംഘത്തെയെതെങ്കിലും സ്വന്തമായിട്ടുണ്ടാക്കാം. ലോകരാഷ്ട്രങ്ങളെല്ലാം ജനാധിപത്യത്തിലെത്തിച്ചേരുക എന്നതാണ് ഡെമോക്രാറ്റിക് പൊളിറ്റിക്സിന്റെ ലക്ഷ്യം. എന്താണീ ജനാധിപത്യത്തിന്റെ മികവ്? അത് ജനതയെ മുഴുവൻ തീരുമാനങ്ങളിൽ പങ്കാളികളാക്കുന്നുവത്രെ. അതുകൊണ്ട് ജനാധിപത്യത്തിന്റെ പോരായ്മകളെല്ലാം സഹ്യമാണ് എന്നും എഴുതിവെച്ചിട്ടുണ്ട്, രാഷ്ട്രീയ ശാസ്ത്രത്തിൽ.

ഒരേഒരർത്ഥത്തിൽ മാത്രമാണ് ജനാധിപത്യം സഹനീയമാകുന്നത്. അധികാര വിന്യസനത്തിന് ജുഡീഷ്യറി, ലെജിസ്ലേച്ചർ, എക്സിക്യൂട്ടീവ് എന്നീ സമാന്തരസമതലങ്ങൾ ഇൻഡ്യയിൽ ഉള്ളതുകൊണ്ട് രാഷ്ട്രത്തെ ഒന്നാകെ കൈപിടിയിലൊതുക്കുക എന്നത് ആർക്കും ക്ഷിപ്രസാദ്ധ്യമല്ല എന്നതാണത്. രാഷ്ട്രത്തിന്റെ വൈപുല്യം കൂടി ഈ ഒതുങ്ങായ്കയ്ക്ക് കാരണമാകുന്നുണ്ട്. അതായത് പാകിസ്താനിൽ പട്ടാളമേധാവിക്ക് അധികാരം പിടിച്ചെടുക്കാനാവുന്നതു പോലെ എളുപ്പത്തിൽ ഇൻഡ്യയിൽ പട്ടാളമേധാവിക്ക് അത് സാദ്ധ്യമാവില്ല എന്ന്. അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചിട്ടു പോലും ഇന്ദിരാഗാന്ധിക്ക് രാജ്യത്തെ കൈപ്പിടിയിലൊതുക്കാൻ കഴിഞ്ഞില്ലല്ലോ. എത്ര ചെമപ്പിയ്ക്കാൻ ശ്രമിച്ചിട്ടും ജുഡീഷ്യറിയും എക്സിക്യൂട്ടീവും വേണ്ടത്ര ചെമക്കാത്തതുകൊണ്ട് സി.പി.എം. കേരളത്തിൽ പരമാധികാരികളാവാൻ കഴിയുന്നില്ല എന്നതും ഇതിന് തെളിവാണ്.

ഈ ഒരു സദ്ഗുണത്തിനുവേണ്ടി വളരെ വലിയ വിലയാണ് ഈ ശതകോടിജനത നൽകികൊണ്ടിരിയ്ക്കുന്നത്. രാഷ്ട്രനേതൃത്വത്തിന്റെ പ്രവർത്തനത്തെക്കുറിച്ച് മതിപ്പോടെ ഒന്നും പറയാനില്ലാത്ത ഒരു ജനതയ്ക്ക് തലയുയർത്താനാവുകയില്ല. റെയിൽവേ ലാഭത്തിലാക്കിയ ലാലുപ്രസാദ് യാദവിനേയും കെ.എസ്.ആർ.ടി.യുടെയും നഷ്ടം കുറച്ച മാത്യു. ടി തോമസിനേയും നാം വല്ലാതെ ബഹുമാനിച്ചു പോകുന്നത് അതുകൊണ്ടാണ്; മറ്റൊന്നും ചെയ്യാനില്ലാത്തതുകൊണ്ട്: ഇങ്ങനെയുള്ള നേതൃത്വത്തെ തെരഞ്ഞെടുക്കുവാൻ വേണ്ടി ആയിരവും അയുതവും കോടിയും ശതകോടിയും ചെലവഴിച്ച് ആയുസ്സിന്റെയും ക്ഷമയുടേയും സഹനത്തിന്റേയും പരകോടിയിലേക്കുനീങ്ങുന്ന ഹേ ഭാരതജനതേ, നിനക്ക് 'നല്ല നമസ്കാരം'!